## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 142 06.03.2020-ൽ മറുപടിയ്ക്ക്

### തദ്ദേശ സ്ഥാപനങ്ങളുടെ കാര്യക്ഷമത ഉയർത്താൻ നടപടി

| ചോദ്യം<br><br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ജെയിംസ് മാത്യൂ<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം യഥാസമയം കാര്യക്ഷമമായി ചെലവഴിക്കുന്നതിന് എന്തെല്ലാം ക്രിയാത്മക നിർദ്ദേശങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പദ്ധതി നിർവഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കുന്നതിനും 2019 -ലെ തെരഞ്ഞെടുപ്പ് പ്രമാണിച്ചും 2019-20 വാർഷിക പദ്ധതിയ്ക്ക് 2018 ഡിസംബർ 31ന് മുൻപ് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. കൂടാതെ വിവിധ ഘട്ടങ്ങളിലായി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള ഉത്തരവുകളും ഉദ്യോഗസ്ഥതലത്തിൽ പരിശീലനങ്ങളും നൽകിയിരുന്നു. പ്രോജക്ടുകൾക്ക് യഥാസമയം അനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനായും, ജില്ലാ കളക്ടർ സെക്രട്ടറിയായും, ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറായും ജില്ലാ തലത്തിൽ ഒരു നിരീക്ഷണ സമിതി പ്രവർത്തിക്കുന്നുണ്ട്. വെറ്റിങ് ഓഫീസർമാർ യഥാസമയം പ്രോജക്ടുകൾക്ക് അനുമതി നൽകുന്നുണ്ടോ എന്ന് ഈ സമിതി നിരീക്ഷിക്കുന്നു. |
| (ബി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക ഭരണ നിർവ്വഹണത്തിലും വികസനാസൂത്രണത്തിലും കാര്യ-പ്രാപ്തി കൈവരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ ആസൂത്രണ നടപടിക്രമങ്ങൾ ലളിതമാക്കി പദ്ധതി രൂപീകരണ മാർഗ്ഗരേഖ സമഗ്രമായി പരിഷ്കരിക്കുകയും കാലെക്കൂട്ടിത്തന്നെ ഉത്തരവുകളായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നഗരഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് പ്രത്യേക മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ഇത് സംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകി. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വികസന പദ്ധതികൾ തയ്യാറാക്കി 12 മാസവും നിർവ്വഹണത്തിന് ലഭിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2018-19 മുതൽ മാറിയിട്ടുണ്ട്. കൂടാതെ വാർഷിക പദ്ധതി ബഡ്ജറ്റുമായി സംയോജിപ്പിക്കാനും പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം നൽകുകയും ചെയ്തു. നൂതന പ്രോജക്ടുകൾക്ക് പ്രത്യേകം മാർഗ്ഗരേഖയും ജില്ലാ പദ്ധതികളും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br>ഇതോടൊപ്പം ജനറൽ, എസ്.സി.പി., ടി.എസ്.പി., എന്നീ മൂന്ന് മേഖലകളിലെ വിവിധ വികസന ഉപമേഖലകളിൽ നിശ്ചിത തുക വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വനിത ശിശു. വികലാംഗർ, പാലിയേറ്റീവ് ഉപമേഖലകളിൽ നിശ്ചിത തുക വകയിരുത്തപ്പെടുന്നുണ്ടെന്ന് ഇതുമൂലം ഉറപ്പ് വരുത്തുന്നു. കൂടാതെ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തന പുരോഗതി പ്രതിമാസം വിലയിരുത്തുന്ന യോഗങ്ങൾ നടത്താറുണ്ട്. |
| (സി) | വിവിധയിനം ഫണ്ടുകളുടെ വിനിയോഗം അർത്ഥവത്തും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം മേൽനോട്ട സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതി നിർവ്വഹണം സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതികളും മന്ത്രി തലത്തിലും വകുപ്പ് മേധാവികളും അവലോകനം ചെയ്യുന്നുണ്ട്. പഞ്ചായത്ത് ഡയറക്ടറേറ്റ്, ഡെപ്യൂട്ടി ഡയറക്ടറേറ്റ് തലത്തിലും പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് തലത്തിലുമുള്ള പ്ലാൻ മോണിറ്ററിങ് സെല്ലുകൾ പദ്ധതി ഫണ്ട് വിനിയോഗം അവലോകനം ചെയ്യുന്നുണ്ട്. തദ്ദേശ സ്ഥാപന തലത്തിൽ തന്നെ അതാത് വികസന മേഖലയ്ക്കായുള്ള വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിങ് സമിതികളായി പ്രവർത്തിക്കുന്നുണ്ട്. പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് മോണിറ്ററിങ് സമിതിയുടെ ശുപാർശകൾ സഹിതമാണ് തുക അനുവദിക്കുന്നത്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ